**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757** **17-09-2025 - ൽ മറുപടിയ്ക്ക്**

**കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (എ) | കല്ലിക്കണ്ടി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി വൈദ്യുതി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.07.2024 ന് ചേർന്ന യോഗത്തിൽ, കല്ലിക്കണ്ടി എന്ന സ്ഥലത്ത് 110kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുമെന്ന് ബഹു. എം എൽ. എ അറിയിച്ചിരുന്നെങ്കിലും സൗജന്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല എന്നും സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ഒരു സ്ഥലം കണ്ടെത്തുകയും ഉടമയിൽ നിന്ന് EOI ലഭ്യമാകുകയും ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്ക് വഴി സംബന്ധമായി നിലനിൽക്കുന്ന തർക്കം പരിഹരിക്കുവാനുള്ള ശ്രമം നടത്തിവരുന്നതായും സ്ഥലം ലഭ്യമായാൽ ഭരണാനുമതി സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വ്യക്തമാക്കുമോ; | (ബി) | സ്ഥലം ലഭ്യമാകാത്തതാണ് പ്രധാന തടസ്സം. സൗജന്യമായി സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുള്ളത്. പുതിയതായി കണ്ടെത്തിയ സ്ഥലവും വഴിയും ന്യായമായ വിലയ്ക്ക് ലഭ്യമാകുമെങ്കിൽ, ബോർഡിന്റെ അനുമതിയോടെ ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | സ്ഥല ലഭ്യത ഉറപ്പ് വരുന്ന മുറയ്ക്ക് ഭരണാനുമതി അടക്കമുള്ള തുടർ നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ